(ബി) പി.ഐ.പി. വക പുറമ്പോക്ക് സ്ഥലം തിരികെ കണ്ടെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിലെ പത്തിയൂർ ഗ്രാമപഞ്ചായത്ത് 10-ാം വാർഡിലെ പി.ഐ.പി. കനാൽ പുറമ്പോക്ക് സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തെ അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. നൽകിയ പരാതി 2013 ഡിസംബർ 10-ാം തീയതി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു. അതിൻപ്രകാരം ടി സ്ഥലം പരിശോധിക്കുകയും പി.ഐ.പി. വക ഭൂമിയുടെ അതിർത്തികൾ വ്യക്തമല്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയത്തിനായി കാർത്തികപ്പള്ളി തഹസീൽദാർക്ക് കത്തുനൽകുകയും പലതവണ ഓർമ്മക്കുറിപ്പുകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാകളക്ടറെ ബന്ധപ്പെട്ട് അതിർത്തികൾ അളന്നു തിട്ടപ്പെടുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ബി) അതിർത്തി അളന്നുതിട്ടപ്പെടുത്തിയാലുടൻ പുറമ്പോക്ക് സ്ഥലം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നേമം നിയോജക മണ്ഡലത്തിലെ കൊട്ടർകോണം കളം

172 (837) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ പൂന്നായ്ക്കാമുഗൾ വാർഡിലെ, ചെറുകിട ജലസേചന വകുപ്പിനുകീഴിലുള്ള കൊട്ടർകോണം കളത്തിലേക്ക് ചില പരിസരവാസികൾ കക്കൂസ് മാലിന്യം ഇറക്കിവിട്ട് മലിനമാക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) പ്രസ്തുത കുളത്തിലേയ്ക്ക് കക്കൂസ് മാലിന്യം ഇറന്നു വിട്ട് കുളം മലിനമാക്കിയ എട്ട് വ്യക്തികൾക്കെതിരെ, മാലിന്യ നിക്ഷേപ പൈപ്പുകൾ നീക്കം ചെയ്യുവാനായി തിരുവനന്തപുരം എം.ഐ. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 27-3-2014-ലെ എം.ഐ.റ്റി.20/2010 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ട്. 3 പേർക്കുള്ള കത്ത് കൈപ്പറ്റാതെ തിരികെ വരികയും ചെയ്തു. ജലസേചന വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നിയമനടപടി സ്വീകരിക്കേണ്ടത് കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 208(എ) പ്രകാരം പ്രസ്തുത കുളത്തിന്റെ ഉടമസ്ഥാവകാശമുള്ള തിരുവനന്തപുരം കോർപ്പറേഷനാണ്.

മംഗലം ഡാം കുടിവെള്ള പദ്ധതി

173 (838) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ;

(ബി) ജലസേചനവകുപ്പും വാട്ടർ അതോറിറ്റിയും തമ്മിൽ പ്രസ്തുത പദ്ധതി നടത്തിപ്പു സംബന്ധിച്ച് നിലവിൽ തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തിന്റെ പേരിലാണ് തർക്കം നിലനിൽക്കുന്നതെന്നു വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തർക്കം പരിഹരിച്ച് പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് പ്രാരംഭഘട്ടമായി 20 കോടി രൂപയ്ക്ക് ജി.ഒ.(ആർ.ടി.) നമ്പർ 954/2014/ ഡബ്ല്യു.ആർ.ഡി. തീയതി 8-10-2014 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

കണ്ണമ്പ്ര പഞ്ചായത്തിനെകൂടി ഉൾപ്പെടുത്തി എസ്.ഒ.ആർ.2012 പ്രകാരം 82 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള ഡി.എസ്.ആർ.2014 റേറ്റ് അനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോടൊപ്പം എസ്റ്റിമേറ്റ് പുതുക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly